## കണ്ടത് പറയാം

**ഡേവിസ് വളർക്കാവ്** എഴുതുന്ന പംക്തി

# വികസനമോ, വിനാശമോ?

**ചിത്രങ്ങളിൽ** നിന്ന് അക്ഷരങ്ങളും അക്ഷരങ്ങൾ ചേർന്ന് വാക്കുകളും, പദങ്ങളുമാകുമ്പോൾ അതിൽ വിനിമയം ചെയ്യപ്പെടുന്ന സന്ദേശങ്ങളും സ്മൃതിപഥത്തിൽ ആലേഖനം ചെയ്യപ്പെടുന്ന ചിത്രങ്ങളും ഓരോ മനസ്സിലും കുറേക്കാലം നിലനിൽക്കുന്നതാണ്. ആന എന്ന വാക്കിലെ 'ആ' എന്ന അക്ഷരവും അതിലെ ചിത്രവും 'ന' എന്ന അക്ഷരത്തിലെ ചിത്രവും പ്രത്യേക രീതിയിൽ ചേർത്തുവെച്ചാൽ ആന എന്ന മൃഗത്തിന്റെ പൂർണരൂപം കൈവരും. ചിത്രലിപികളുടെ വിസ്മയലോകമാണിവിടെ ആസ്വദിക്കാനാവുക. ആന എന്ന് കേൾക്കുമ്പോൾ ആ വന്യജീവിയുടെ ചിത്രം എത്രപെട്ടെന്നാണ് നമ്മുടെ മനസ്സിലേക്ക് വരുന്നത്.

ക്ഷേമം എന്നു കേൾക്കുമ്പോഴും അഭിവൃദ്ധി എന്ന് വായിക്കുമ്പോഴും നമ്മുടെ മനസ്സിൽ വിരിയുന്ന ചിത്രം എന്താണ്? ഒന്നുകുറിച്ചുവെക്കുക. പുരോഗതി എന്നു കേൾക്കുമ്പോൾ, വായിക്കുമ്പോൾ വരുന്ന ചിത്രവും സന്ദേശവും ഒപ്പം ചേർത്തുവെക്കുക. വികസനം എന്നു കേൾക്കുമ്പോൾ, വായിക്കുമ്പോൾ കിട്ടുന്ന ചിത്രവും ആശയവും എന്താണ്? അതുംകൂടി കുറിച്ചു വെക്കുക. വ്യത്യാസം ശ്രദ്ധിക്കുക. സൗമ്യതയാർന്ന, സാത്വികമായിരുന്ന, സഹജരെ പരിഗണിച്ചിരുന്ന, പ്രകൃതി സൗഹാർദ്ദപരമായിരുന്ന, എല്ലാവർക്കുമായി നന്മകൾ പുഷ്പിച്ചിരുന്ന, നമ്മുടെ നേതൃത്വങ്ങളിൽനിന്നും മനോഭാവങ്ങളിൽനിന്നും ആരാണ് നമ്മെ പിടിച്ചിറക്കിയത്? അതിന്റെ പേരാണ് വികസനം. പ്രകൃതിയിൽനിന്നും വേറിട്ട, മനുഷ്യകേന്ദ്രീകൃതമായ, സ്വാർത്ഥപരമായ, വ്യക്തമല്ലാത്ത ഒരു ചിത്രം നമ്മുടെ മനസ്സുകളിൽ കുത്തിനിറച്ചതാരാണ്? നഗരവികസനം, കാർഷിക വികസനം, റോഡ് വികസനം. എന്തേ അടുക്കള വികസനം, മനസ്സിന്റെ വികസനം സ്നേഹത്തിന്റെ വികസനം സമൃദ്ധിയുടെ വികസനം ഇത്യാദി വികസനത്തെക്കുറിച്ച് കേൾക്കാഞ്ഞത്?

രാഷ്ട്രീയാചാര്യന്മാർ മുതൽ മന്ത്രിയും തന്ത്രിയും അങ്ങാടിമരുന്നുകാരൻ വരെ വികസനം കൊതിക്കുന്നു, പ്രചരിപ്പിക്കുന്നു. വികസനകാര്യത്തിൽ രാഷ്ട്രീയം പറയരുതെന്നും എല്ലാവരും ഒറ്റക്കെട്ടാകണമെന്നുമാണ് ആവർത്തിച്ച് കേൾക്കുന്നത്. എന്നാൽ വികസനത്തിൽ രാഷ്ട്രീയം പറയണം. പ്രകൃതി സൗഹാർദ്ദമാകണമെന്ന്, എല്ലാവർക്കും ഗുണഫലം ലഭിക്കണമെന്ന്, നിലനിന്നുപോകുന്നതായിരിക്കണമെന്ന്, നശീകരണം ഉണ്ടാകുന്നതായിരിക്കരുതെന്ന് പറയണം. ശുദ്ധവായു, ശുദ്ധജലം, ശുദ്ധമായ മണ്ണ്, ശുദ്ധ ഭക്ഷണം, ശുദ്ധമനഃസ്ഥിതി ഇങ്ങനൊകണം ഇനി പരിഗണനകൾ.

വികസനം വന്ന് ഉഴുതുമറിച്ച് കടന്നുപോയ നാടുകളിലെ ജനതതി ഇപ്പോൾ പറയുന്നത് ഇതാണ്. അത് കേട്ട ഭാവം കാട്ടാതെ നാടിനെ ഒറ്റിക്കൊടുക്കുന്നവരുടെ കൂടെ വികസനത്തിന്റെ സംഘഗാനം പാടാനുള്ളതാണോ നമ്മുടെ ജീവിതം? കുറച്ചുനേതാക്കളും ആസൂത്രകരുമാണോ ജനകോടികളുടെ തലേലെഴുത്ത് നിശ്ചയിക്കേണ്ടത്? വിമർശകരെ വികസന വിരുദ്ധരെന്ന് വിളിച്ചാക്ഷേപിക്കുന്നത് വികസനവാദികളുടെ ഒരു സ്ഥിരമേർപ്പാടാണ്. വികസനമെന്ന് പറഞ്ഞ് വരുന്നത് അണക്കെട്ടുകളും, ഫാക്ടറികളും, അതിവേഗപാതകളും. വൻകെട്ടിടങ്ങളും, ടൂറിസവും, മഹാനഗരങ്ങളുമൊക്കെയാണ് ഇതിന്റെ ഗുണഭോക്താക്കൾ നഗരങ്ങളിലെ ചിലർ മാത്രമാണ്. പീച്ചി അണക്കെട്ടിലെ വെള്ളം തൃശൂർ നഗരത്തിന്. വൃഷ്ടി പ്രദേശം സംരക്ഷിക്കാൻ വിരലനക്കിയിട്ടില്ലാത്ത കേമന്മാർ. ശരീരകോശങ്ങളുടെ അനിയന്ത്രിതമായ വളർച്ചയാണ് കാൻസർ. വികസനം കൊതിക്കുന്ന മനസ്സും വർദ്ധിച്ചുവരുന്ന കാൻസറും തമ്മിലുള്ള ബന്ധം ആരെങ്കിലും പഠിക്കാൻ ശ്രമിക്കുന്നത് മനുഷ്യരാശിക്ക് തന്നെ നന്മ വരുത്തും.

വികസനത്തിന്റെ ഇരകൾ ലോകമെമ്പാടും വറുതിയിലാണ്. പ്രതിഷേധവും നിസ്സഹായതയും കണ്ണീരും കലാപവും നിലവിളികളും ഒക്കെയായി പ്രതികരിക്കുന്നു. നെഹ്റുവിന്റെ കാലത്തെ ഭക്രാനംഗലുകളെക്കുറിച്ച് എത്ര മഹത്വങ്ങളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അന്ന് കുടിയിറക്കപ്പെട്ടവരെ മുഴുവൻ ഇത്ര കാലമായിട്ടും പുനരധിവസിപ്പിച്ചിട്ടില്ലത്രെ! പിന്നീട് നർമ്മദയിലും ഇത് തുടരുന്നു. കൂടംകുളം, ചാലിയാറിന്റെ തീരത്തെ ബിർളയുടെ ഗ്വാളിയോർ റയോൺസ്, ലാലൂർ, പ്ലാച്ചിമട, വിളപ്പിൽശാല, കൈന്നൂർ, മൂലമ്പിള്ളി, കാതിക്കുടം എല്ലാം വികസനത്തിന്റെ ഇരകൾ. പ്രകൃതി നശീകരണത്തിൽ പങ്കുകാരാകണോ എന്ന് വികസന കൊതിയർ ഒന്നുകൂടി ആലോചിക്കുമോ? പ്രകൃതിനശിച്ചാൽ വിഭവങ്ങൾ നശിക്കും. വിഭവങ്ങൾ തേടി പലരും ചന്ദ്രനിൽ പോകും. പാവങ്ങൾ മണ്ണിനടിയിലേക്കും. വികസനവാദികളെ കരുതിയിരിക്കുക. ഓർക്കുക, ആർത്തിയുടേയും അഴിമതിയുടേയും ആഢംഭരത്തിന്റേയും ആഗോള കുത്തകകളുടേയും ചൂഷക വിഭാഗത്തിന്റേയും സ്വന്തം കാര്യം സിന്ദാബാദ് കാരുടേയും മാമോന്റേയും ധർമ്മശാസ്ത്രങ്ങളേയും മൂല്യങ്ങളേയും പുച്ഛിക്കുന്നവരുടെയും ഫുൾ ടീമാണിത്. നമുക്ക് കരുതിയിരിക്കാം.